# യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും

## ലൂക്കോസ് 11:13

"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും."

ലൂക്കോസിന്റെ സുവിശേഷം അദ്ധ്യായം 11 തുടങ്ങുന്നതു തന്റെ ശിഷ്യന്മാരുടെ അഭ്യർഥന പ്രകാരം അവരെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്ന കർത്താവിനെ കണ്ടുകൊണ്ടാണ്. സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള അപേക്ഷ പ്രാർത്ഥനാരൂപത്തിൽ കർത്താവ് അവർക്ക് ചൊല്ലിക്കൊടുക്കുന്നു. തുടർന്ന് ആ പ്രാർത്ഥനയുടെ ആഴത്തിലേക്ക് ശിഷ്യന്മാരെ കൂട്ടിക്കൊണ്ടു പോകുന്ന കർത്താവ്, പ്രാർത്ഥനയിൽ പിതാവാം ദൈവത്തോടുള്ള നിരന്തരമായ യാചനയുടെ പ്രാധാന്യം അവർക്കു മനസ്സിലാകാൻ ഒരു സന്ദർഭം പറഞ്ഞു അവരെ ബോധ്യപ്പെടുത്തുന്നു.

വാക്യം 9 ഇപ്രകാരം വായിക്കുന്നു, 'യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും'. യാചന എന്നു പറയുന്നത് ഒരുപക്ഷെ നമ്മുടെയൊക്കെ ജീവിതത്തിൽ നാം വില കുറച്ചു കാണുന്ന ഒരു സംഗതിയായിരിക്കാം. ഒരാളോട് നാം ഒരു കാര്യം യാചിക്കുമ്പോൾ ആ യാചന കേൾക്കുന്ന വ്യക്തിയുടെ ഇഷ്ടാനുസരണം അതിനെ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാൻ സാധിക്കും. നമുക്കറിയാം നമ്മുടെ മുമ്പിൽ വന്ന് ഭിക്ഷ യാചിക്കുന്നവരെ കാണുമ്പോൾ നാം പലപ്പോഴും അവരിൽ നിന്ന് ഒഴിഞ്ഞു മാറാറുണ്ട്. എന്നിരുന്നാലും ആ യാചകർ നമ്മിൽ നിന്ന് അവർക്ക് എന്തെങ്കിലും ലഭിക്കുന്നതുവരെ നമ്മെ പിന്തുടരുകയും നമ്മോടു ചോദിച്ചു കൊണ്ടിരിക്കുകയും ചെയ്യും. അവർക്ക് ജീവിതത്തിൽ വേണ്ടുന്നതും, എന്നാൽ അവരുടെ പക്കൽ ഇല്ലാത്തതുമായ ഒന്നിനു വേണ്ടി, അവർ അത് ഉള്ളവരായവരുടെ മുമ്പിൽ ചോദിക്കുന്നു. അത് നമ്മിൽ നിന്നും എന്തെങ്കിലും കിട്ടും എന്ന് അവർ പൂർണ്ണമായി വിശ്വസിക്കുന്നതു കൊണ്ട് മാത്രമാണ്. എന്നാൽ താൻ ചോദിച്ചവരിൽ നിന്ന് ലഭിക്കുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷം ആ യാചനയുടെ പിമ്പിലുള്ള ഉദ്ദേശ്യം മനസ്സിലാക്കാൻ കഴിഞ്ഞെങ്കിലേ നമുക്ക് ഉൾക്കൊള്ളാൻ കഴിയൂ.

പ്രിയമുള്ളവരേ, നാം എന്തുകൊണ്ട് നമ്മുടെ പിതവാം ദൈവത്തിന്റെ മുമ്പിൽ ഈ യാചകരെ പോലെ ആയിത്തീരുന്നില്ല, ഇന്ന് നമ്മെ അതിൽ നിന്നു പിന്നോട്ടു വലിക്കുന്നത് നമ്മുടെ കുറവുകളോ, ജീവിതത്തിന്റെ പാപാവസ്ഥകളോ ആണെങ്കിൽ അത് ദൈവസന്നിധിയിൽ ഏറ്റുപറയുക. കർത്താവ് ഇവിടെ പറയുന്നുണ്ട്, ഈ ലോകജീവിതത്തിലെ പിതാക്കന്മാരോട് തങ്ങളുടെ മക്കൾ എന്തെങ്കിലും ആവശ്യപ്പെട്ടാൽ

അവർക്ക് അതിലും മേത്തരമായതു കൊടുക്കുവാൻ തങ്ങളാൽ കഴിയുന്നതൊക്കെയും അവർ ചെയ്യുന്നു എങ്കിൽ, സർവ്വ പരമാധികാരിയും, സർവ്വ ശക്തനും, സർവ്വത്തിന്റെയും മേൽ നിയന്ത്രണമുള്ളവനുമായ സ്നേഹനിധിയായ പിതാവാം ദൈവം, നാം ചോദിക്കുന്നതിനും നിനയ്ക്കുന്നതിനും മുമ്പെ, നമ്മുടെ യാചനകൾ അറിയുകയും അതിൻ പ്രകാരം നമുക്ക് നൽകിത്തരാൻ തന്റെ ഹിതപ്രകാരം അവ ഒരുക്കി വെയ്ക്കുകയും ചെയ്തിരിക്കുന്നു എന്ന് തിരിച്ചറിയുക. ഈ ഒരു ഉറപ്പ് ഇന്ന് നമ്മിൽ എത്ര പേർക്ക് പ്രാപിക്കാൻ കഴിഞ്ഞിട്ടുണ്ട്, നമ്മെ തന്നെ ഒന്നു ശോധന ചെയ്ത് നോക്കുക. ഇതുവരെയും സാധിച്ചിട്ടില്ല എന്നാണു ഉത്തരം എങ്കിൽ നല്ലവനായ ദൈവത്തോട് യാചിക്കുക, അത് ഈ ഭൂവിലെ ഭൗതീകതയെ അടിസ്ഥാനമാക്കിയുള്ള യാചന ആകരുത്, മറിച്ച് ഈ മൺകൂടാരമാകുന്ന മർത്ത്യ ശരീരത്തിനുള്ളിലേക്ക് പരിശുദ്ധാത്മാവിനെ അധികമായി നിക്ഷേപിച്ച്, നമ്മെ തന്റെ പുത്രത്വത്തിൻ അധികാരത്തിലേക്ക് നയിക്കുവാനും ഏതു നേരത്തും ആ പിതാവിന്റെ സന്നിധിയിൽ സധൈര്യം കടന്നു ചെന്ന് നമ്മുടെ യാചനകൾ സമർപ്പിക്കുവാനും കൃപ ലഭിക്കേണ്ടതിനുമായിരിക്കട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

മർക്കൊസ് 11:24

അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 186